**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 719** **08-10-2024 - ൽ മറുപടിയ്ക്ക്**

**ഗാർഹിക മേഖലയിൽ പുരപ്പുറ സോളാർ പ്ലാന്റുകൾക്കായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനും വൈദ്യുതി സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനും ഗാർഹിക മേഖലയിൽ പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുന്നുണ്ടോ; എങ്കിൽ എന്തൊക്കെയാണ് നിലവിലുള്ള പദ്ധതികളെന്ന് അറിയിക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണ് 'സൗര' പുരപ്പുറ സോളാർ പദ്ധതി. പ്രസ്തുത പദ്ധതി 23.03.2024 - ൽ പൂർത്തിയായി. സൗര പദ്ധതിയുടെ കീഴിൽ ഫേസ് ഒന്നിലും രണ്ടിലുമായി 49,402 നിലയങ്ങൾ കമ്മീഷൻ ചെയ്തതുവഴി 203.34 മെഗാവാട്ട് ഗ്രിഡിലേക്കു കൂട്ടി ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>കേന്ദ്ര നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയത്തിന്റെ പ്രധാന മന്ത്രി മുഫ്ത് ബിജ്‌ലി യോജനയാണ് ഗാർഹിക പുരപ്പുറ സോളാർ മേഖലയിൽ ഇപ്പോൾ നടപ്പിലാക്കി വരുന്നത്. |
| (ബി) | പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര തുകയാണ് സബ്സിഡിയായി ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതെന്ന് അറിയിക്കാമോ? | (ബി) | പ്രധാന മന്ത്രി മുഫ്ത് ബിജ്‌ലി യോജന പ്രകാരം റസിഡൻഷ്യൽ റൂഫ്ടോപ്പ് സോളാറിനുള്ള കേന്ദ്ര സാമ്പത്തിക സഹായം (CFA). നിലവിൽ 1 kW സിസ്റ്റത്തിന് 30,000/- രൂപയും 2 kW സിസ്റ്റങ്ങൾക്ക് 60,000/- രൂപയും 3 kW അല്ലെങ്കിൽ ഉയർന്ന സിസ്റ്റങ്ങൾക്ക് 78,000/- രൂപയുമാണ് സബ്സിഡി നൽകുന്നത്. ഈ സ്കീമിന് കീഴിലുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് https://pmsuryaghar.gov.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്യാം. |

സെക്ഷൻ ഓഫീസർ